**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1926** **20-06-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി സി.വി.എം. ഹൈസ്കൂളിലെ മിനി സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2021-22 ബഡ്ജറ്റിൽ ഉൾപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി സി.വി.എം. ഹൈസ്കൂളിലെ മിനി സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; | (എ) | 2021-22 ബഡ്ജറ്റിൽ ഉൾപ്പെട്ടതും 23.03.2022 ലെ സ.ഉ(സാധാ)66/2022 പ്രകാരം 95,73,700/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നതുമായ ആലത്തൂർ നിയോജക മണ്ഡലത്തിലെ വണ്ടാഴി സി.വി.എം ഹൈസ്കൂളിലെ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി ദർഘാസ് ക്ഷണിച്ച് കരാറിൽ ഏർപ്പെട്ടിരുന്നു. തുടർന്ന് പ്രസ്തുത സ്ഥലത്തിന്റെ അതിർത്തി കല്ല് കെട്ടി തിരിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ടി പ്രവൃത്തിയിൽ ഉൾപ്പെട്ട ടോയ്‌ലറ്റിന്റെയും ഡ്രെയിനേജിന്റെയും പ്രവൃത്തി ആരംഭിക്കുന്ന സമയത്ത് പ്രാദേശികമായ എതിർപ്പുകൾ കാരണം പ്രവൃത്തി നിർത്തി വച്ചിരുന്നു. ആയതിനു ശേഷം പ്രവൃത്തി പുനരാരംഭിക്കുവാൻ കരാറുകാരന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും കരാറുകാരൻ ഇതുവരേയും പ്രവൃത്തി പുനരാരംഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത കരാറുകാരനെ ടി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി ബാക്കി പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലായതിന്റെ കാരണമെന്തെന്നും നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | 2021-22 ബഡ്ജറ്റിൽ ഉൾപ്പെട്ടതും 23.03.2022 ലെ സ.ഉ(സാധാ)66/2022 പ്രകാരം 95,73,700/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നതുമായ ആലത്തൂർ നിയോജക മണ്ഡലത്തിലെ വണ്ടാഴി സി.വി.എം ഹൈസ്കൂളിലെ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി ദർഘാസ് ക്ഷണിച്ച് കരാറിൽ ഏർപ്പെട്ടിരുന്നു. തുടർന്ന് പ്രസ്തുത സ്ഥലത്തിന്റെ അതിർത്തി കല്ല് കെട്ടി തിരിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ടി പ്രവൃത്തിയിൽ ഉൾപ്പെട്ട ടോയ്‌ലറ്റിന്റെയും ഡ്രെയിനേജിന്റെയും പ്രവൃത്തി ആരംഭിക്കുന്ന സമയത്ത് പ്രാദേശികമായ എതിർപ്പുകൾ കാരണം പ്രവൃത്തി നിർത്തി വച്ചിരുന്നു. ആയതിനു ശേഷം പ്രവൃത്തി പുനരാരംഭിക്കുവാൻ |

| | | | |
|---|---|---|---|
| | | | കരാറുകാരന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും കരാറുകാരൻ ഇതുവരേയും പ്രവൃത്തി പുനരാരംഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത കരാറുകാരനെ ടി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി ബാക്കി പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ